'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നേത്രദാനം മഹാദാനം എന്ന സന്ദേശം നൽകുന്ന 'നേത്രം' എന്ന ഹ്രസ്വ സിനിമ പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്

സ.ഉ.(സാധാ) നം.1276/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 21/06/2019

---

പരാമർശം:- 1 ശ്രീ. നാസർ ആനക്കുഴി, തിരുവനന്തപുരം - ന്റെ നിവേദനം

2 പഞ്ചായത്ത് ഡയറക്ടറുടെ 14.05.2019 ലെ PAN/4622/2019-P1 നമ്പർ കത്ത്

3 നഗരകാര്യ ഡയറക്ടറുടെ 29.05.2019 ലെ ജി1-6694/19 നമ്പർ കത്ത്

**ഉത്തരവ്**

'നേത്രം' എന്ന ഹ്രസ്വ സിനിമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ പരിധിയിലും പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. നാസർ ആനക്കുഴി പരാമർ ശം ( 1 ) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത ഹ്രസ്വ സിനിമ " നേത്രദാനം മഹാദാനം " എന്ന സന്ദേശം നൽകുന്നതാണെന്നും സർക്കാർ നയങ്ങൾക്കോ പൊതു താല്പര്യത്തിനോ എതിരായ യാതൊന്നും ദൃശ്യവൽക്കരിച്ചിട്ടില്ലായെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (2) (3) പ്രകാരം നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. നാസർ ആനക്കുഴി നിർമ്മാണവും ശ്രീ. അനന്തൻ സംവിധാനവും നിർവ്വഹിച്ച 'നേത്രം' എന്ന ഹ്രസ്വ സിനിമ സർക്കാർ നയങ്ങൾക്കോ പൊതു താല്പര്യത്തിനോ എതിരായ യാതൊന്നും ദൃശ്യവൽക്കരിച്ചിട്ടില്ലായെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നുമുള്ള പരാമർശം(2), (3)ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും പ്രദർശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ നാസർ ആനക്കുഴി, ആരബ് മൻസിൽ, കിളിമാനൂർ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ.കെ.എം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇ.പി.എ.4/97/2019/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ